REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 29-08-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- ജപ്പാൻ- ചൈന സന്ദർശനം ഇന്ത്യയുടെ ദേശീയ താൽപ്പര്യങ്ങളും മുൻഗണനകളും ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- RSS നും BJP യ്ക്കുമിടയിൽ ഭിന്നതയില്ലെന്ന് സംഘ് മേധാവി മോഹൻ ഭാഗവത്.
- താമരശേരി ചുരത്തിന്റെ ഒമ്പതാം വളവിൽ 80 അടിയോളം ഉയരത്തിൽ പാറയിലുണ്ടായ വിള്ളലുകളാണ് മണ്ണിടിച്ചിലിന് കാരണമായതെന്ന് മന്ത്രി K രാജൻ. ചുരത്തിൽ ഗതാഗത നിയന്ത്രണം തുടരുന്നു.
- ഇന്ന് ദേശീയ കായിക ദിനം. 12-ാമത് പുരുഷ ഏഷ്യൻ ഹോക്കി കപ്പിന് ബീഹാറിലെ രാജ്ഗിറിൽ ഇന്ന് തുടക്കമാകും.
- സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത. മീൻപിടുത്തത്തിന് വിലക്ക്.

## വാർത്തകൾ വിശദമായി

**ജപ്പാൻ- ചൈന സന്ദർശനം ഇന്ത്യയുടെ ദേശീയ താൽപ്പര്യങ്ങളും മുൻഗണനകളും ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വിശ്വാസം പ്രകടിപ്പിച്ചു. പ്രാദേശിക-ആഗോള സമാധാനം, സുരക്ഷ, സുസ്ഥിരവികസനം എന്നിവ മുന്നോട്ടു കൊണ്ടുപോകാൻ സന്ദർശനം ഫലപ്രദമായ സംഭാവന നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

....(വോയ്സ്)....

കഴിഞ്ഞ പതിനൊന്നുവർഷമായി ഇന്ത്യ- ജപ്പാൻ ബന്ധങ്ങളിൽ സ്ഥിരവും ഗണ്യവുമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി ജപ്പാൻ സന്ദർശനത്തിന് മുൻപ് പുറപ്പെടുവിച്ച പ്രസ്താവനയിൽ അറിയിച്ചു. ഇരുരാജ്യങ്ങൾക്കുമിടയിലെ തന്ത്രപരപങ്കാളിത്തവും ആഗോള പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിലായിരിക്കും അടുത്ത ഘട്ട ചർച്ചകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് പ്രധാനമന്ത്രി വിശദീകരിച്ചു.

രണ്ടു രാജ്യങ്ങളുടെയും സാമ്പത്തിക - നിക്ഷേപ ബന്ധങ്ങളുടെ വ്യാപ്തിയും, ലക്ഷ്യവും സന്ദർശനം വികസിപ്പിക്കും. നിർമ്മിതബുദ്ധി , സെമി കണ്ടക്ടർ ഉൾപ്പെടെ നൂതന സാങ്കേതിക വിദ്യകളിലെ സഹകരണം മുന്നോട്ടു കൊണ്ടുപോകാനും, ജാപ്പനീസ് പ്രധാനമന്ത്രി ഷിഗേരു ഇഷിബയും താനും ശ്രമിക്കുമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിങ്ങിന്റെ ക്ഷണപ്രകാരം ജപ്പാനിൽ നിന്ന് പ്രധാനമന്ത്രി ചൈനയിലേക്ക് പോകും. ടിയാൻജിനിലെ ഷാങ്ങ്ഹായ് സഹകരണ ഉച്ചകോടിയിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി, പ്രാദേശിക സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ ചർച്ചകളിലൂടെ ശ്രമിക്കുമെന്നും നരേന്ദ്രമോദി അറിയിച്ചു. ഉച്ചകോടിക്കിടെ ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിങ്, റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിൻ മറ്റു നേതാക്കൾ എന്നിവരെ കാണാൻ കാത്തിരിക്കുകയാണെന്നും നരേന്ദ്രമോദി അറിയിച്ചു.

✪✪✪

RSS നും BJP യ്ക്കുമിടയിൽ ഭിന്നതയില്ലെന്ന് സംഘ് മേധാവി മോഹൻ ഭാഗവത് വ്യക്തമാക്കി. ഏത് വിഷയത്തിലും RSS ന് ഉപദേശം നൽകാമെങ്കിലും അന്തിമ തീരുമാനം BJP യാണ് എടുക്കേണ്ടതെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. കേന്ദ്രത്തിൽ BJP നേതൃത്വം നൽകുന്ന നരേന്ദ്രമോദി ഗവൺമെന്റുമായി RSS മികച്ച ഏകോപനം പുലർത്തുന്നുണ്ട്. അഭിപ്രായങ്ങൾ വ്യത്യസ്തമായാലും RSS ന്റെയും BJP യുടെയും ലക്ഷ്യങ്ങൾ ഒത്തുചേർന്ന് പോകുന്നതാണ്. ഗവൺമെന്റിന് നിർദ്ദേശങ്ങൾ നൽകുന്നതല്ലാതെ, ഗവൺമെന്റ് കാര്യങ്ങളിൽ ഒരിക്കലും RSS ഇടപെടാറില്ലെന്നും ഭാഗവത് വ്യക്തമാക്കി.

✪✪✪

കേന്ദ്രഗവൺമെന്റിന്റെ വികസന പദ്ധതികളെല്ലാം തന്നെ വികസിത രാജ്യമെന്ന ലക്ഷ്യം മുന്നിൽ കണ്ടാണെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ജനങ്ങളുടെയും, അവരുടെ കഠിനാധ്വാനത്തിന്റെയും ഫലമാണ് രാജ്യവികസനം. കുടുംബത്തിലെ ഓരോ അംഗവും വരുമാനം ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ അത് മുഴുവൻ രാജ്യത്തിന്റെയും വികസനത്തിന്

വഴിതെളിക്കുമെന്ന് ജോർജ് കുര്യൻ അഭിപ്രായപ്പെട്ടു. കോവളത്ത് ന്യൂനപക്ഷ മീൻപിടുത്ത സമൂഹത്തിലെ സ്ത്രീകൾക്ക് 'പ്രധാൻമന്ത്രി വിരാസത് കാ സംവർദ്ധൻ ' പദ്ധതിയിൽ പരിശീലനം നൽകുന്ന മത്സ്യശക്തി പ്രോജക്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രസഹമന്ത്രി.

✪✪✪

താമരശേരി ചുരത്തിന്റെ ഒമ്പതാം വളവിൽ 80 അടിയോളം ഉയരത്തിൽ പാറയിലുണ്ടായ വിള്ളലുകളാണ് മണ്ണിടിച്ചിലിന് കാരണമായതെന്ന് മന്ത്രി K രാജൻ കോഴിക്കോട്ട് അറിയിച്ചു. പലയിടത്തും ബ്ലോക്കുകളായി വിണ്ട പാറക്കെട്ടിനിടയിലൂടെ വെള്ളച്ചാൽ രൂപപ്പെട്ടത് പ്രതിസന്ധി ഉണ്ടാക്കുന്നതായും മന്ത്രി പറഞ്ഞു. ചുരത്തിലെ മണ്ണിടിച്ചിലുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ അവലോകനം ചെയ്യാൻ ചേർന്ന യോഗത്തിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)............

കുറ്റ്യാടി ചുരം വഴി വാഹനങ്ങൾ കടത്തിവിടാൻ നിർദേശം നൽകിയതായി മന്ത്രി K രാജൻ പറഞ്ഞു. ഇന്നലെ കുറ്റ്യാടി ചുരത്തിലുണ്ടായ മണ്ണിടിച്ചിൽ കണക്കിലെടുത്ത് ആവശ്യമെങ്കിൽ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാനും മന്ത്രി നിർദ്ദേശം നൽകി.

മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരം റോഡിൽ മഴ കുറയുന്ന സമയത്ത് ഭാരം കുറഞ്ഞ വാഹനങ്ങൾ ഒറ്റവരിയായി കടത്തിവിടാൻ കോഴിക്കോട്ട് ചേർന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗം തീരുമാനിച്ചു. മഴ ശക്തമായി പെയ്യുമ്പോൾ വാഹന ഗതാഗതം അനുവദിക്കില്ലെന്ന് അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാകലക്ടർ സ്നേഹിൽ കുമാർ സിംഗ് വ്യക്തമാക്കി.

ചുരത്തിലൂടെ അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്നും, ജാഗ്രതയോടെ കുറഞ്ഞ വേഗത്തിൽ സഞ്ചരിക്കണമെന്നും നിർദ്ദേശമുണ്ട്. ഭാരവാഹനങ്ങൾ കുറ്റ്യാടി, നാടുകാണി ചുരം, കണ്ണൂർ ജില്ലയിലെ മാക്കൂട്ടം ചുരം എന്നിവ ഉപയോഗപ്പെടുത്തണം.

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ റോഡിലേക്ക് ഇനിയും പാറയും, മണ്ണും വീഴാൻ സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ. പ്രദേശത്ത് മുഴുവൻ സമയ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

ചുരം ഉടൻ ഗതാഗത യോഗ്യമാക്കണമെന്നും, പാതയിൽ ഉണ്ടാകുന്ന മണ്ണിടിച്ചിൽ തടയാൻ നടപടികൾ നിർദ്ദേശിക്കുന്നതിന് വിദഗ്ധസമിതിയെ

അയക്കണമെന്നും പ്രിയങ്ക ഗാന്ധി MP, കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിയോട് ആവശ്യപ്പെട്ടു. അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കാവുന്ന ബദൽ പാത ഒരുക്കാൻ നടപടി സ്വീകരിക്കണമെന്നും പ്രിയങ്കാഗാന്ധി കേന്ദ്രമന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടു.

✪✪✪

പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിൽ നവജ്യോതി ശ്രീകരുണാകരഗുരുവിന്റെ ജന്മദിനാഘോഷമായ 'നവപൂജിതം' ആഘോഷങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു . ഗുരു ലോകത്തിന് പകർന്നത് മാനവികതയുടെ ദർശനങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്ന് രാവിലെ നവപൂജിത സമ്മേളനം മന്ത്രി G.R അനിൽ ഉദ്ഘാടനം ചെയ്യും.

✪✪✪

കേരളത്തിലെ ദന്ത ചികിത്സാ മേഖല രാജ്യത്തിന് മാതൃകയാണെന്ന് മന്ത്രി V ശിവൻകുട്ടി അഭിപ്രായപ്പെട്ടു. കഴിഞ്ഞ വർഷം 200-ൽ താഴെ ദന്ത ഡോക്ടർമാർ 16 ലക്ഷത്തോളം രോഗികൾക്ക് സേവനം നൽകി. ആറ് ലക്ഷത്തോളം ചികിത്സാ പ്രക്രിയകളാണ് അവർ ഗവൺമെന്റ് ആശുപത്രികളിൽ നടത്തിയത്. ഇത് സമൂഹത്തിന് വലിയ സാമ്പത്തിക ലാഭമാണ് ഉണ്ടാക്കിയത്. കേരള ഗവൺമെന്റ് ഡെന്റൽ ഓഫീസേഴ്സ് ഫോറം സംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു V.ശിവൻകുട്ടി.

✪✪✪

'മനുഷ്യ-വന്യജീവി സംഘർഷവും സഹവർത്തിത്വവും' എന്ന വിഷയത്തിലെ മേഖലാ സമ്മേളനം നാളെ തിരുവനന്തപുരത്ത് തുടങ്ങും. ദേശീയ നിയമ സേവന അതോറിറ്റിയും, സംസ്ഥാന നിയമ സേവന അതോറിറ്റിയുടെയും ചേർന്നാണ് നിയമസഭാ മന്ദിരത്തിൽ രണ്ടു ദിവസത്തെ മേഖലാ സമ്മേളനം സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. ഇന്ന് ഒൻപത് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഒഴികെ ജില്ലകളിലാണ് ജാഗ്രതാ മുന്നറിയിപ്പ്.

കേരള- ലക്ഷദ്വീപ്- കർണാടക തീരങ്ങളിൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ഒൻപത് അണക്കെട്ടുകളിൽ റെഡ് അലേർട്ട് നൽകി. ഇടുക്കി പാംബ്ല ഡാമിൽ നിന്ന് വെള്ളം തുറന്നു വിടുന്നതിനാൽ പെരിയാർ തീരവാസികൾക്കും ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪

ഇന്ന് ദേശീയ കായിക ദിനം.ഇന്ത്യയുടെ ഹോക്കി മാന്ത്രികൻ ധ്യാൻചന്ദിന്റെ ജന്മദിനമായ ആഗസ്ത് 29 നാണ് എല്ലാ വർഷവും ദേശീയകായിക ദിനം ആചരിക്കുന്നത്. കായിക പ്രതിഭകളെ ആദരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമാണ്ദിനാചരണം.

'കളിയിടങ്ങളിൽ തുല്യാവസരം, സാമൂഹിക പങ്കാളിത്തത്തിന് കായിക രംഗം ' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. ഫിറ്റ് ഇന്ത്യ മിഷനുമായി സഹകരിച്ച് മൂന്ന് ദിവസത്തെ രാജ്യവ്യാപക പരിപാടിയും കായിക ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ഏഷ്യൻ പുരുഷ ഹോക്കി കപ്പ് ചാമ്പ്യൻഷിപ്പ് ഇന്ന് ബിഹാറിലെ രാജ്ഗിറിൽ ആരംഭിക്കും. ആദ്യമത്സരത്തിൽ ഇന്ത്യ, ചൈനയെ നേരിടും.

ഇന്ത്യ, ജപ്പാൻ, ചൈന, കസാക്കിസ്ഥാൻ, മലേഷ്യ, കൊറിയ, ബംഗ്ലാദേശ്, ചൈനീസ് തായ്പേയ് തുടങ്ങി എട്ട് മുൻനിര ഏഷ്യൻ രാജ്യങ്ങൾ ടൂർണമെന്റിൽ പങ്കെടുക്കും.

✪✪✪

കസാക്കിസ്ഥാനിലെ ഷിംകെന്റിൽ 16-ാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 25 മീറ്റർ സ്റ്റാൻഡേർഡ് പിസ്റ്റൾ ഇനങ്ങളിൽ വ്യക്തിഗത, ടീം ഇനങ്ങളിൽ ഇന്ത്യ ഇരട്ട സ്വർണ്ണം നേടി.

വ്യക്തിഗത ഇനത്തിൽ, റിയോ ഒളിമ്പ്യൻ ഗുർപ്രീത് സിംഗിനാണ് സ്വർണ്ണം. അമൻപ്രീത് സിംഗ് വെള്ളിയും നേടി. ഹർഷ് ഗുപ്തയ്ക്കൊപ്പം ഇരുവരും ഇതേ വിഭാഗത്തിൽ ടീം ഇനത്തിലും സ്വർണ്ണം നേടി.

✪✪✪

അഹമ്മദാബാദിൽ കോമൺവെൽത്ത് ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ അജയ ബാബു വല്ലൂരി 79 കിലോ വിഭാഗത്തിൽ സ്വർണ്ണം നേടി. ഇതോടെ അടുത്ത വർഷത്തെ ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിന് അജയ ബാബു യോഗ്യത നേടി.

✪✪✪

സൂറിച്ച് ഡയമണ്ട് ലീഗ് ഫൈനലിൽ ലോക, ഒളിമ്പിക് ജാവ്-ലിൻ ചാമ്പ്യൻ ഇന്ത്യയുടെ നീരജ് ചോപ്ര രണ്ടാം സ്ഥാനം നേടി. ജർമ്മനിയുടെ ജൂലിയൻ വെബറാണ് സ്വർണ്ണം നേടിയത്.

✪✪✪

ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പുരുഷ ഡബിൾസ് ജോഡികളായ സാത്വിക് സായിരാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി, വനിതാ സിംഗിൾസ് താരം PV സിന്ധു, മിക്സഡ് ഡബിൾസ് താരങ്ങളായ ധ്രുവ് കപില - തനിഷ ക്രാസ്റ്റോ എന്നിവർ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു.

രങ്കിറെഡ്ഡിയും ഷെട്ടിയും ഒളിമ്പിക് വെള്ളി മെഡൽ ജേതാക്കളായ ചൈനീസ് ടീമിനെയാണ് തോൽപ്പിച്ചത്.

✪✪✪

നെഹ്റു ട്രോഫി ജലോത്സവം നാളെ ആലപ്പുഴ പുന്നമടക്കായലിൽ. വള്ളംകളിയ്ക്ക് ഒരുക്കങ്ങൾ പൂർത്തിയായി. ആലപ്പുഴയിൽ നാളെ പ്രാദേശിക അവധിയാണ്.

✪✪✪

കൊല്ലം കുളക്കട ഗ്രാമപഞ്ചായത്ത് ഓണസീസൺ മുന്നിൽ കണ്ട് തുടങ്ങിയ പൂക്കൃഷി വിജയകരമായി. കർഷകർക്ക് അധിക വരുമാനത്തോടൊപ്പം നിറഞ്ഞുപൂത്ത പൂക്കളുടെ മനോഹാരിതയും ശ്രദ്ധേയമായി.

കൊല്ലത്തു നിന്ന് നീരജ് ലാൽ.

....... ( വോയ്സ് )............

✪✪✪

ഓണക്കാലത്തെ ലഹരി കടത്ത് തടയാൻ മലപ്പുറം ജില്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കി. വഴിക്കടവ് ആനമറിയിൽ പൊലീസിന്റെ പ്രത്യേക ചെക്ക് പോസ്റ്റ് പ്രവർത്തനം ആരംഭിച്ചു. കഴിഞ്ഞ വ്യാഴാഴ്ച മെത്താംഫിറ്റാമിനുമായി താനൂർ സ്വദേശിയെ അറസ്റ്റ് ചെയ്തിരുന്നു.

✪✪✪

KSRTC യുടെ ഓണക്കാല സ്പെഷ്യൽ സർവീസുകളിലേക്ക് ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് ആരംഭിച്ചു. ഇന്ന് മുതൽ അടുത്ത മാസം 15 വരെ ബാംഗ്ലൂർ, മൈസൂർ, ചെന്നൈ എന്നിവിടങ്ങളിലേക്കാണ് സ്പെഷ്യൽ സർവീസുകൾ. 84 അധിക സർവീസുകൾ ഓരോ ദിവസവും ഉണ്ടായിരിക്കും.

✪✪✪

**തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ ഓണാഘോഷപരിപാടികൾ തുടങ്ങി. തലസ്ഥാനത്ത് എത്തുന്ന യാത്രക്കാരെ വിമാനത്താവളത്തിൽ മാവേലിവേഷധാരി നേരിട്ടു സ്വീകരിക്കും. ഇന്നു മുതൽ രാജ്യാന്തര ടെർമിനലിന് പുറത്ത് പ്രത്യേക വേദിയിൽ പ്രശസ്ത കലാകാരന്മാർ പരിപാടി അവതരിപ്പിക്കും.**

✪✪✪

**കണ്ണൂർ - തലശ്ശേരി റൂട്ടിലെ സ്വകാര്യ ബസ്സ് പണിമുടക്ക് അവസാനിപ്പിക്കാൻ ജില്ലാ ഭരണകൂടം അടിയന്തരമായി ഇടപെടണമെന്ന് K സുധാകരൻ MP ആവശ്യപ്പെട്ടു. ദേശീയപാത 66 ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട്, പഴയ ദേശീയപാത അടച്ച് വാഹനങ്ങളെ വഴിതിരിച്ചുവിട്ടതിൽ പ്രതിഷേധിച്ച് ആണ് സമരം തുടങ്ങിയത്.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*